# SREENARAYANAGURU OPEN UNIVERSITY

*The State University for Education, Training and Research in Blended Format, Kerala*

University Building, Kureepuzha, Kollam, Kerala-691601 | www.sgou.ac.in

## പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. 07.08.2023 തീയതിയിൽ പ്രസിദ്ധീകരിച്ച ടൈംടേബിൾ പ്രകാരം എല്ലാദിവസങ്ങളിലും രാവിലെ 10 മണി മുതൽ ഉച്ചക്ക് 1 മണിവരെയാണ് പരീക്ഷ ക്രമീകരിച്ചിരിക്കുന്നത്.

2. ഫോട്ടോ ഐഡന്റിറ്റി, എക്സാമിനേഷൻ അഡ്മിറ്റ് കാർഡ് (EAC) എന്നിവയുടെ പരിശോധനകൾക്കായി പഠിതാക്കൾ പരീക്ഷ തുടങ്ങുന്നതിന് 15 മിനിറ്റ് മുൻപ് പരീക്ഷാകേന്ദ്രത്തിൽ ഓരോരുത്തർക്കും അനുവദിച്ചിട്ടുള്ള ഇരിപ്പിടത്തിൽ ഹാജരാകേണ്ടതാണ്.

3. പഠിതാക്കൾ അവരുടെ ഫോട്ടോപതിപ്പിച്ച തിരിച്ചറിയൽ കാർഡ് പരീക്ഷാ ഹാളിൽ ഹാജരാക്കേണ്ടതാണ്. (സ്റ്റുഡന്റ് യൂണിവേഴ്സിറ്റി ഐഡി കാർഡ്/ ഡ്രൈവിംഗ് ലൈസൻസ്/പാൻകാർഡ്/ആധാർ കാർഡ്/വോട്ടർ ഐഡി കാർഡ് എന്നിവ തിരിച്ചറിയൽ രേഖയായി സ്വീകരിക്കുന്നതാണ്).

4. തിരിച്ചറിയൽ രേഖയും അഡ്മിറ്റ് കാർഡും ഹാജരാക്കാത്ത പഠിതാക്കളെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല. (ഡൗൺലോഡ് ചെയ്ത എക്സാമിനേഷൻ അഡ്മിറ്റ് കാർഡ് പ്രിൻറ് എടുത്ത് ഒപ്പ് രേഖപ്പെടുത്തി എല്ലാ പരീക്ഷ ദിവസങ്ങളിലും ഹാജരാക്കേണ്ടതാണ്).

5. മൊബൈൽഫോൺ, ഡിജിറ്റൽ ഉപകരണങ്ങൾ തുടങ്ങിയ യാതൊരുവിധ ഇലക്ട്രോണിക്/ വാർത്താവിനിമയ ഉപകരണങ്ങളും പരീക്ഷാ ഹാളിൽ അനുവദിക്കുന്നതല്ല.

6. സർവ്വകലാശാലയുടെ 18.06.2022 തീയതിയിലെ 588/EX.1/1/SOU/2022 ഉത്തരവ് പ്രകാരം പ്രമേഹരോഗികളായിട്ടുള്ള പഠിതാക്കൾക്ക് ആവശ്യമായ ലഘു ഭക്ഷണം, മരുന്ന് എന്നിവ ഉപയോഗിക്കുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്.

7. Attendance Sheet- ൽ പഠിതാക്കൾ ഇൻവിജിലേറ്ററുടെ സാന്നിദ്ധ്യത്തിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. ആൻസർ ബുക്ക്ലെറ്റ് സീരിയൽ നമ്പർ, അറ്റൻഡൻസ് ഷീറ്റിൽ എൻറോൾമെൻറ് നമ്പറിന് നേരെ രേഖപ്പെടുത്തി ഒപ്പിടേണ്ടതാണ്.

8. പഠിതാക്കൾ അവരുടെ എൻറോൾമെന്റ് നമ്പർ, കോഴ്സ് കോഡ്, പരീക്ഷയുടെ പേര് മുതലായവ ഉത്തരപുസ്തകത്തിൽ ഉചിതമായ സ്ഥലങ്ങളിൽ എഴുതണം.

9. അച്ചടിയിലോ / നിർമ്മാണത്തിലേയൊ പിശകോ അപാകതകളോ മൂലമല്ലാതെ വേറെ യാതൊരു കാരണവശാലും ആൻസർ ബുക്ക്ലെറ്റ് മാറ്റി നൽകുന്നതല്ല.

10. 40 പേജുള്ള ഒരു ബുക്ക്ലെറ്റായിരിക്കും പഠിതാക്കൾക്ക് നൽകുന്നത്. ഇത് കൂടാതെ അഡീഷണൽ ഷീറ്റുകൾ നൽകുന്നതല്ല അതിനാൽ പഠിതാക്കൾ ആൻസർ ബുക്ക്ലെറ്റുകൾ വിവേകപൂർവം ഉപയോഗപ്പെടുത്തേണ്ടതാണ്.

11. പരീക്ഷ എഴുതുവാൻ വിദ്യാർത്ഥികൾക്ക് നീല/കറുപ്പ് പേനകൾ മാത്രമേ ഉപയോഗിക്കാൻ അനുവാദമുള്ളൂ.

12. പരീക്ഷ ആരംഭിച്ച് കഴിഞ്ഞാൽ ഇൻവിജിലേറ്ററുടെ അനുവാദത്തോടെ പരമാവധി 30 മിനിറ്റ് വരെ പരീക്ഷ ഹാളിൽ പ്രവേശനം അനുവദിക്കുന്നതാണ്. പരീക്ഷ അവസാനിക്കുന്നതിന് 30 മിനിറ്റിന് മുമ്പ് പരീക്ഷ ഹാളിൽ നിന്ന് പുറത്ത് പോകുന്ന പഠിതാക്കൾ ഉത്തര കടലാസും ചോദ്യപേപ്പറും ഇൻവിജിലേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

13. പരീക്ഷ കഴിഞ്ഞതിനു ശേഷം ഉത്തരകടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിച്ചതിനു ശേഷം മാത്രമേ പരീക്ഷാ ഹാൾ വിട്ട് പുറത്ത് പോകുവാൻ പാടുള്ളൂ.

14. പരീക്ഷാ ജോലിയുമായി ബന്ധപ്പെട്ടുള്ള ഉദ്യോഗസ്ഥരോട് / ഇൻവിജിലേറ്ററോട് അപമര്യാദയായി പെരുമാറുകയോ പരീക്ഷ നിർദ്ദേശങ്ങൾ ലംഘിക്കുകയോ ചെയ്യാൻ പാടില്ല. പരീക്ഷ ഹാളിൽ Text Book, Note Book പരീക്ഷ എഴുതാൻ സഹായകരമായ മറ്റ് യാതൊന്നും അനുവദിക്കില്ല. അത്തരം നടപടികൾ ശ്രദ്ധയിൽപെട്ടാൽ ആ പഠിതാക്കൾക്ക് എതിരെ സർവ്വകലാശാല നിയമം അനുസരിച്ച് കർശന നടപടി സ്വീകരിക്കുന്നതാണ്.

15. യാതൊരു കാരണവശാലും അനുവദിച്ചിരിക്കുന്ന പരീക്ഷാ കേന്ദ്രത്തിന് മാറ്റം അനുവദിക്കുന്നതല്ല (പരീക്ഷാർത്ഥികൾക്ക് അനുവദിച്ചിരിക്കുന്ന പരീക്ഷാ കേന്ദ്രത്തിൽ അല്ലാതെ മറ്റൊരു കേന്ദ്രത്തിലും പരീക്ഷകൾ എഴുതുവാൻ സാധിക്കുന്നതല്ല).

16. ഏതെങ്കിലും കാരണവശാൽ പരീക്ഷ മാറ്റി വയ്ക്കുന്ന പക്ഷം അക്കാര്യവും പുതുക്കിയ പരീക്ഷാ തീയതിയും യഥാസമയം വിവിധ മാധ്യമങ്ങൾ മുഖേനയും യൂണിവേഴ്സിറ്റി വെബ്സൈറ്റ് മുഖേനയും അറിയിക്കുന്നതാണ്. പുതിയ പരീക്ഷാ തീയതിയിൽ പഠിതാക്കൾ ഇതേ എക്സാമിനേഷൻ അഡ്മിറ്റ് കാർഡ് തന്നെ ഹാജരാക്കാവുന്നതാണ്.

17. ചോദ്യപേപ്പറിൽ അവരുടെ പേരും എൻറോൾമെൻറ് നമ്പരും മാത്രമേ എഴുതാവൂ. (പഠിതാവിന്റെ എൻറോൾമെന്റ് നമ്പറോ മറ്റ് വ്യക്തിഗത വിവരങ്ങളോ ആൻസർ ബുക്കിലെ facing ഷീറ്റിലെ നിർദിഷ്ട പേജിൽ അല്ലാതെ മറ്റ് സ്ഥലങ്ങളിൽ എഴുതാൻ പാടില്ല). റഫ് വർക്കുകൾ അൻസർ ബുക്ലെറ്റിൽ തന്നെ രേഖപ്പെടുത്താവുന്നതാണ്.

18. ഉത്തര പുസ്തകത്തിലും ചോദ്യപേപ്പറിലും നൽകിയിരിക്കുന്ന നിർദേശങ്ങൾ കർശനമായി പാലിക്കണം.

19 പരീക്ഷാ മുറിയിൽ കർശനമായും നിശബ്ദത പാലിക്കണം

20. എന്തെങ്കിലും സംശയമോ സഹായമോ ആവശ്യമെങ്കിൽ ഇൻവിജിലേറ്ററുടെ സഹായം തേടാവുന്നതാണ്.

**ഡോ. ഗ്രേഷ്യസ് ജെ**

**പരീക്ഷാ കൺട്രോളർ**